പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 405 10/06/2014-ൽ മറുപടിക്ക്

# നാദാപുരം മണ്ഡലത്തിലെ ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നാദാപുരം മണ്ഡലത്തിലെ നിർമ്മാണത്തിലിരിക്കുന്ന ചാത്തൻക്കോട്ടുനട, വിലങ്ങാട് എന്നീ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഏതെല്ലാം കമ്പനികളുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്; | (എ) ചാത്തൻകോട്ടു നട, ചെറുകിട ജലവൈദ്യുത പദ്ധതിയുടെ കരാർ കോറമാൻഡൽ എനർജി പ്രൈവറ്റ് ലിമിറ്റഡ് - കോറമാൻഡൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് - ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ് കൺസോർഷ്യത്തിനാണ് നൽകിയിരിക്കുന്നത്. വിലങ്ങാട് ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ കരാർ പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, അമ്പലമുകൾ, കൊച്ചി-ഫ്ലോവൽ മെക്കാമിസി എനർജി പ്രൈവറ്റ് ലിമിറ്റഡ്, ഫരീദാബാദ്, ഹരിയാന എന്ന കൺസോർഷ്യത്തിനാണ് നൽകിയിരിക്കുന്നത്. |
| (ബി) കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എത്ര സമയം അനുവദിച്ചിട്ടുണ്ട്; | (ബി) **(ബി) യും (സി) യും.** കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് വിലങ്ങാട് പദ്ധതി 07.03.2012 ലും ചാത്തൻകോട്ടുനട പദ്ധതിയുടെ നിർമ്മാണം 05.03.2012-ലും പൂർത്തീകരിക്കണമായിരുന്നു. എന്നാൽ പ്രസ്തുത പദ്ധതികളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി സർക്കാരിന് |
| (സി) ഈ കാലയളവിൽ കമ്പനികളുടെ കരാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാ | |

ക്കുമോ?

കൈമാറിക്കിട്ടാൻ താമസം നേരിട്ടതിനാൽ വിലങ്ങാട് പദ്ധതിയുടെ നിർമ്മാണ കാലാവധി 30.06.2014 വരെയും ചാത്തൻകോട്ടുനട പദ്ധതിയുടെ നിർമ്മാണ കാലാവധി 31.07.2014 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതികളുടെ പണി അടിയന്തിരമായി പൂർത്തീകരിച്ച് ഈ മേഖലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(ഡി) പ്രസ്തുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ